# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.866 11.03.2015-ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്:** | | **ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം പാതി വഴിയിൽ നിർത്തുവാനുള്ള കാരണം എന്താണ്; | (എ) | സൈറ്റിൽ ഉണ്ടായ ചില വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടതായി വന്നു. അതിനാലാണ് പണി നിത്തി വയ്ക്കേണ്ടി വന്നത്. |
| (ബി) | രണ്ട് മാസത്തിനകം ഇതിന്റെ പണി പൂർത്തിയാക്കിയില്ലെങ്കിൽ ഈ വേനൽക്കാലത്തും കാസർഗോഡ് നിവാസികൾക്ക് ഉപ്പ് വെള്ളം കുടിക്കേണ്ടി വരുമെന്ന കാര്യം ഗൗരവമായി കാണുമോ; എങ്കിൽ ഇതിനായി എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; | (ബി) | പുതിയ രൂപ കല്പന പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ്, ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതിന്റെ നിർമ്മാണം തുടങ്ങിയത് ഏത് വർഷമാണ്; തുടക്കത്തിൽ ഇതിന്റെ നിർമ്മാണ കരാർ തുക എത്രയായിരുന്നു; എത്ര കരാറുകാർ ഈ പണി ഏറ്റെടുത്ത് പാതിവഴിയിൽ ഉപേക്ഷിച്ചുപോയി; അതു മൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയാണ്; ഇപ്പോൾ ഇതിന്റെ നിർമ്മാണ കരാർ തുക എത്രയാണ്; പണി പൂർത്തിയാക്കാൻ കരാറുകാരൻ നൽകിയ കാലപരിധി എത്രയാണ്; പണി എപ്പോൾ പൂർത്തിയാക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്? | (സി) | ഈ പ്രവൃത്തി തുടങ്ങിയത് 2005 ജൂലൈ മാസത്തിലാണ്. തുടക്കത്തിൽ അനുവദിച്ച കരാർ തുക 388.73 ലക്ഷം രൂപയായിരുന്നു. ഈ പ്രവൃത്തി ഏറ്റെടുത്ത ശേഷം ഒരു കരാറുകാരൻ നിർത്തിപ്പോയിട്ടുണ്ട്. അതുമൂലം ഉണ്ടായ നഷ്ടം കൃത്യമായി കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ കരാർ തുക 1370.14 ലക്ഷം രൂപയാണ്. നിലവിലുള്ള കരാർ പ്രകാരം ഈ പണി പൂർത്തിയാക്കുന്നതിനുള്ള സമയപരിധി 31/05/2013 ആണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയാലുടൻ തന്നെ പണി ആരംഭിച്ച് എത്രയും വേഗം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | |
|---|---|
| (ഡി) **ഇത്തരത്തിൽ അനന്തമായി നീണ്ട മറ്റ് പദ്ധതികൾ ജലവിഭവ വകുപ്പിന് കീഴിൽ ഉണ്ടായിട്ടുണ്ടോ ?** | (ഡി) ചില സാഹചര്യങ്ങളിൽ ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**